പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2198 12.2.2013 ൽ മറുപടിക്ക്**

**സബ് ഇൻസ്പെക്ടറുടെ നടപടി ദോഷങ്ങൾ അന്വേഷിക്കാൻ നടപടി**

| ചോദ്യം<br>**ശ്രീ. ജി.എസ്. ജയലാൽ** | മറുപടി<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| (എ) കൊല്ലം ജില്ലയിലെ പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ശ്രീ. വിപിൻകുമാറിന്റെ നടപടി ദോഷങ്ങൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പ്രസ്തുത ഓഫീസ് ഉൾക്കൊള്ളുന്ന നിയോജക മണ്ഡലത്തിലെ നിയമസഭാംഗം പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും പ്രസ്തുത പരാതി ഏത് ഉദ്യോഗസ്ഥനാണ് അന്വേഷിക്കുന്നതെന്നും അറിയിക്കുമോ; | (എ) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ ആഭ്യന്തര വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി 10.11.2012 ൽ കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് ലഭിക്കുകയും ടി പരാതിയിൽ അന്വേഷണം നടത്തുന്നതിനായി ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ നിയമസഭാ സ്പീക്കർ മുമ്പാകെ സമർപ്പിച്ച പരാതി 4.2.2013 -ാം തീയതി കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് ലഭിക്കുകയും പ്രസ്തുത പരാതി അന്വേഷിക്കുന്നതിന് കൊല്ലം ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തു. |
| (ബി) പ്രസ്തുത പരാതിയിൽ നാളിതുവരെ ഉണ്ടായ അന്വേഷണ പുരോഗതിയും നടപടിയും വ്യക്തമാക്കുമോ; | (ബി) ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണറെ ഏൽപ്പിച്ച പരാതിയിൻമേലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിൻമേലുള്ള നടപടി സ്വീകരിച്ച് വരികയാണ്. കൊല്ലം ജില്ലാ പോലീസ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറെ ഏൽപ്പിച്ച പരാതിയിൻമേലുള്ള അന്വേഷണം നടന്ന് വരികയാണ്. |
| (സി) ഭരണഘടനാപരമായി അർപ്പിതമായ ചുമതലകൾ നിർവ്വഹിക്കുവാൻ ബാദ്ധ്യതപ്പെട്ട നിയമസഭാ സാമാജികനോടുള്ള സംഭാഷണത്തിലും, പെരുമാറ്റത്തിലും അന്വേഷണ നടപടികളിലും കുറ്റകരമായ വീഴ്ച കാണിച്ചിട്ടുള്ള ഈ പോലീസ് ഉദ്യോഗസ്ഥനെതിരെ മാതൃകാപരമായ ശിക്ഷണ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) എസ്.ഐയുടെ ഭാഗത്ത് നിന്നും കുറ്റകരമായ വീഴ്ച തെളിയുന്ന പക്ഷം മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ